**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1874** **29-09-2025 - ൽ മറുപടിയ്ക്ക്**

**ബാരിയർ ഫ്രീ പദ്ധതി പ്രകാരം ചാത്തന്നൂർ സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പിന്റെ ബാരിയർ ഫ്രീ കേരള പദ്ധതി പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ ഏതെങ്കിലും സിവിൽ സ്റ്റേഷനുകൾക്ക് ലിഫ്റ്റ് സ്ഥാപിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സിവിൽ സ്റ്റേഷനുകൾക്കാണ് തുക അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | 2025-2026 സാമ്പത്തിക വർഷത്തിൽ ബാരിയർ ഫ്രീ പദ്ധതി പ്രകാരം സിവിൽ സ്റ്റേഷനുകൾക്ക് ലിഫ്റ്റ് സ്ഥാപിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് തുക അനുവദിച്ചിട്ടില്ല.<br><br>എന്നാൽ മുൻപ് 2019-2020 സാമ്പത്തിക വർഷത്തിൽ ബാരിയർ ഫ്രീ കേരള പദ്ധതി പ്രകാരം കൊല്ലം ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള തുകയിൽ,നീക്കിയിരിപ്പുണ്ടായിരുന്ന തുക വിനിയോഗിച്ച് കൊല്ലം കരുനാഗപ്പള്ളിയിലെ മിനി സിവിൽ സ്റ്റേഷൻ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായുള്ള ലിഫ്റ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് പി.ഡബ്ല്യ.ഡി മുഖേന പ്രസ്തുത വർക്ക് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കൊല്ലം ജില്ലാ കളക്ടർക്ക് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ചാത്തന്നൂർ സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ് സ്ഥാപിക്കാൻ തുക അനുവദിച്ച് കിട്ടുന്നത് സംബന്ധിച്ച ഫയലിൽ (A2/79/2025-സാമൂഹ്യനീതി വകുപ്പ്) തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ; | (ബി) | ബാരിയർഫ്രീ പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ ചാത്തന്നൂർ സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ് സ്ഥാപിക്കാൻ തുക അനുവദിച്ച് കിട്ടുന്നത് സംബന്ധിച്ച് A2/79/2025-സാനീവ ഫയലിൽ സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം പ്രസ്തുത പ്രവൃത്തിക്കായി 50,00,000/- രൂപ എസ്റ്റിമേറ്റ് സഹിതം ഭരണാനുമതിക്കായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ 10.09.2025 തീയതിയായി പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു. |
| (സി) | ചാത്തന്നൂർ സിവിൽ സ്റ്റേഷനിൽ നിലവിൽ ലിഫ്റ്റ് സ്ഥാപിക്കാൻ സാമൂഹ്യനീതി വകുപ്പ് തുക അനുവദിച്ചിട്ടില്ലെങ്കിൽ ഈ സാമ്പത്തിക വർഷം തന്നെ ലിഫ്റ്റ് സ്ഥാപിക്കാൻ കഴിയുംവിധം നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ? | (സി) | ബാരിയർഫ്രീ പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ ചാത്തന്നൂർ സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ് സ്ഥാപിക്കാൻ തുക അനുവദിച്ച് കിട്ടുന്നത് സംബന്ധിച്ച് A2/79/2025-സാനീവ ഫയലിൽ സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം പ്രസ്തുത പ്രവൃത്തിക്കായി 50,00,000/- രൂപ എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | | സഹിതം ഭരണാനുമതിക്കായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ 10.09.2025 തീയതിയായി പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ